# അക്കാദമികമാസ്റ്റർ പ്ലാൻ
# 2025-26




**AUPS KOZHAKKOTTUR**

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എ.യു.പി.എസ് കൊഴക്കോട്ടൂർ |
| സ്കൂൾ കോഡ് | : 48255 |
| മേൽവിലാസം | : അരീക്കോട് പി.ഒ മലപ്പുറം ജില്ല 673639 |
| ഫോൺ നമ്പർ | : 9387729404 |
| ഇ-മെയിൽ | : aupskzr@gmail.com |
| ഗ്രാമ പഞ്ചായത്ത് | : അരീക്കോട് |
| റവന്യൂ ജില്ല | : മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | : വണ്ടൂർ |
| സബ്ജില്ല | : അരീക്കോട് |
| ക്ലാസുകൾ | : 5 മുതൽ 7 വരെ |
| ഡിവിഷനുകൾ | : 6 |
| മാനേജ്മെന്റ് | : എയ്ഡഡ് |
| മാനേജർ | : എ.നാരായണൻ |
| പ്രധാനാധ്യാപിക | : എ.കെ സന്ധ്യ |
| പഠനമാധ്യമം | : മലയാളം/ഇംഗ്ലിഷ |

# ആമുഖം

1952 ൽ ആറ്റുപുറത്തില്ലത്ത് കേശവൻ നമ്പൂതിരി സ്ഥാപിച്ച അപ്പർ പ്രൈമറി വിദ്യാലയമാണ് കൊഴക്കോട്ടൂർ എ.യു.പി സ്കൂൾ. തങ്ങളുടെ മക്കൾക്ക് മെച്ചപ്പെട്ട പ്രാഥമിക വിദ്യാഭ്യാസം നൽകാൻ പാകത്തിലുള്ള സാമ്പത്തിക സ്ഥിതിയോ സൌകര്യങ്ങളോ ഇല്ലാതിരുന്ന ഒരുകാലത്ത് ഇന്നാട്ടുകാർക്ക് വേണ്ടി പണികഴിപ്പിച്ച വിദ്യാലയം ഇന്നും ആ മഹത് ദൌത്യം തുടർന്നുകൊണ്ടിരിക്കുന്നു

ഡിജിറ്റൽ ക്ലാസ്സ്റൂമുകൾ, ഭാഷാലാബുകൾ, വിശാലമായ  കളിസ്ഥ ലം ഉൾപ്പെടെയുള്ള ആധുനിക സൌകര്യങ്ങൾ ഇന്ന് ഈ വിദ്യാലയ ത്തിലുണ്ട്. വിദ്യാഭ്യാ വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ മേളകളിലും മത്സരങ്ങളിലും സ്കോളർഷിപ്പ് പരീക്ഷകളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ വർഷങ്ങളായി മികച്ച പ്രകടനം കാഴ്ച്ചവെച്ചുവരുന്നു

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.എല്ലാവരുമായി ചർച്ച ചെയ്ത് രൂപം നൽകിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കാനാ വശ്യമായ ആസൂത്രണം പൂർത്തിയാക്കിയിട്ടുണ്ട്

## ലക്ഷ്യങ്ങൾ

- ഡിജിറ്റൽ സൌകര്യങ്ങൾ ഒരുക്കൽ
- ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പഠനം
- മത്സരപരീക്ഷകളെ നേരിടാനുള്ള ആത്മവിശ്വാസം ഉണ്ടാക്കൽ
- കലാപഠനത്തിനുള്ള അവസരം
- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഈസി ഇംഗ്ലീഷ് പഠനം
- വായനാശേഷി കൈവരിക്കൽ.
- ശാസ്ത്രപോഷണ പരിപാടി
- തൊഴിൽ പരിശീലനം
- ലൈബ്രറി ശാക്തീകരണം
- കായികശേഷീ വികസനം
- കൌൺസിലിംഗ് നൽകൽ
- അധ്യാപകശാക്തീകരണം
- രക്ഷാകർതൃശാക്തീകരണം
- മൂല്യാധിഷ്ഠിത ബോധനം
- സമ്പാദ്യശീലം വളർത്തൽ

- പ്ലാസ്റ്റിക് മുക്ത വിദ്യാലയം
- ഹരിതം വിദ്യാലയം
- ദിനാചരണങ്ങളിലൂടെ അറിവുകളും മൂല്യങ്ങളുമാർജിക്കൽ
- ശിശുസൌഹൃദ വിദ്യാലയം
- ലഹരിമുക്ത വിദ്യാലയം
- ഭിന്നശേഷി സൌഹൃദ വിദ്യാലയം
- സ്വയമാർജ്ജിത അച്ചടക്കം
- ക്ലാസ്സ് പിടിഎ കാര്യക്ഷമമാക്കൽ
- അമ്മമാരുടെ വായനാശീലം പ്രോത്സാഹിപ്പിക്കൽ

# പ്രവർത്തനങ്ങൾ

| മേഖല – ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ | പി.ടി.എ |
| ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട്കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | | | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **വിജയസ്പർശം പദ്ധതി**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, പ്രത്യേക പരിശീലനം നൽകുന്നു. പോരായ്മകൾ കണ്ടെത്തി, ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജനുവരിമാസം | ഗണിത അധ്യാപകർ | |
| വിവിധ ശേഷികളുടെ വികസനം | ഗണിതശാസ്ത്രജ്ഞന്മാരുടെ ദിനാചരണം സംഘടിപ്പിക്കുന്നു.ഗണിതകേളികൾ,ക്വിസ്സ് മത്സരങ്ങൾ,പോസ്റ്റർ,മാഗസീൻ,മോഡൽസ് എന്നിവ നടത്തും | ഡിസംബർ 22 | ഗണിത അധ്യാപകർ | |
| ഗണിതമേളയിലെ ഇനങ്ങളിൽ പ്രാവീണ്യം നേടുന്നു | പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു | ജൂൺ-ഒക്ടോബർ | ഗണിത അധ്യാപകർ | പി.ടി.എ |

| മേഖല – സയൻസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | ഗ്രോബാഗ് പച്ചക്കറി കൃഷി നിർമ്മാണം | **ജൂൺ** | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് അംഗങ്ങൾ | |
| നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര സത്യങ്ങൾ മനസ്സിലാക്കാനായി ശാസ്ത്ര ക്ലബ്ബുകൾ ആരംഭിക്കുന്നു | ശാസ്ത്രകിറ്റ് നിർമ്മാണം | **ജൂലായ്** | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് അംഗങ്ങൾ | പി.ടി.എ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ സാധ്യമാക്കാൻ അവസരങ്ങൾ നൽകുന്ന ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർപത്രിക നിർമ്മിക്കുന്നു | ഓരോ ടേമിലും ഒന്ന് | ശാസ്ത്ര അധ്യാപകർ | സ്റ്റാഫ് |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികൾക്ക് എത്തിക്കുന്ന പുതിയ പരിപാടി പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രത്യേക ചോദ്യോത്തര പയറ്റ് സംഘടിപ്പിക്കുക ചോദ്യോത്തരങ്ങളിലൂടെ കുട്ടികളുടെ ശാസ്ത്ര സംബന്ധമായ അറിവ് വർധിപ്പിക്കാൻ അവസരം നൽകുന്നു | **ജൂൺ-മാർച്ച**ം | ശാസ്ത്ര അധ്യാപകർ | |
| ബഹിരാകാശ രംഗത്തെ ഇന്ത്യയുടെ സംഭാവനകൾ തിരിച്ചറിയുന്നതിന് | ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് റോക്കറ്റ് നിർമ്മാണം ചാന്ദ്രയാൻ സംബന്ധിച്ച വീഡിയോ പ്രദർശനം ചാന്ദ്രദിന ക്വിസ് എന്നിവ സംഘടിപ്പിക്കും | ജൂലൈ 21 | ശാസ്ത്ര അധ്യാപകർ | |

| മേഖല – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | ***അക്കാദമിക വർഷം*** | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കിമാറ്റിയെടുക്കുക. | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ളനദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾതുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി കഇഠസാധ്യകളുപയോഗിച്ച് ഞലാീ്യ ലേഹ നടത്തുന്നു | ***അക്കാദമിക വർഷം*** | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ളസ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ***അക്കാദമിക വർഷം*** | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കിരക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം,ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച്മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെസഹായത്തോടെ ഉലാീിേൃമശീി ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ***അക്കാദമിക വർഷം*** | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായവ്യക്തികൾ എന്നിവരെ സμഅശിച്ച് വിദ്യാർത്ഥികൾക്ക്അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്ത ാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | ***അക്കാദമിക വർഷം*** | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |

| മേഖല – സംസ്കൃതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സംസ്കൃതഭാഷയോട് താൽപര്യം ഉണ്ടാക്കുക | പ്രതിദിനം ഏകം ആപ്തവാക്യം – ഒരു ദിവസം ഒരു ആപ്തവാക്യം നോട്ടീസ് ബോഡിലിടുന്നു. ആശയം വിശദാകരിക്കുന്നു – ഉദാ –സത്യമേവ ജയതേ – സത്യം മാത്രം ജയിക്കുന്നു | **വർഷം മുഴുവൻ** | സംസ്കൃതം അധ്യാപകൻ | |
| സംസ്കൃതവുമായി ബന്ധപ്പെട്ട ദിനങ്ങൾ മാസം എന്നിവ ആചരിക്കുക | ശ്രാവണപൂർണിമ – സംസ്കൃതദിനത്തിൽ പ്രത്യേക അസംബ്ലി , ഉച്ചയ്ക്ക് കലാപരിപാടികൾ<br>രാമായണമാസം – രാമായണപരിചായനം , രാമായണ ക്വിസ്സ് | **ജൂലായ്**<br><br>**ആഗസ്റ്റ്** | സംസ്കൃതം അധ്യാപകൻ | സംസ്കൃതം ക്ലബ്ബ് |
| സംസ്കൃതത്തിലെ വിജ്ഞാന ശകലങ്ങൾ പരിചയപ്പെടുത്തുക. | സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷാപരിശീലനം | സെപ്റ്റംബർ – ജനുവരി | സംസ്കൃതം അധ്യാപകൻ | സംസ്കൃതം ക്ലബ്ബ് |
| ലളിതസംസ്കൃതത്തിലൂടെ സംസാരിക്കാനുള്ള കഴിവി കുട്ടികളിൽ ഉണ്ടാക്കുക | സംസ്കൃത സംഭാഷണ പരിശീലനം | **വർഷം മുഴുവൻ** | സംസ്കൃതം അധ്യാപകൻ | സംസ്കൃതം ക്ലബ്ബ് പിടിഎ |
| നിത്യജീവിതത്തിലെ സംസ്കൃത ഉപയോഗം അറിയുക | സംസ്കൃതം പ്രദർശിനി | മാർച്ച് | സംസ്കൃതം അധ്യാപകൻ | സംസ്കൃതം ക്ലബ്ബ് പിടിഎ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>**Readery fight** മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |